ചെറുകിട നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

8 (*188) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. വി. ശശികുമാർ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ;

(ബി) ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ എന്തുതുക അനുവദിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിക്കായി കഴിഞ്ഞ സർക്കാർ എത്ര പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു ; എത്ര പദ്ധതികൾ നേടിയെടുത്തുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ എത്ര പദ്ധതികൾ സമർപ്പിച്ചു ; എത്ര പദ്ധതികൾ നേടിയെടുത്തുവെന്ന് വ്യക്തമാക്കുമോ ;

(ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ചെറുകിട നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി സംസ്ഥാനത്ത് ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി(യു.ഐ.ഡി.എസ്.എസ്.എം.റ്റി.) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 80% കേന്ദ്ര വിഹിതവും 10% സംസ്ഥാന വിഹിതവും ബാക്കി 10% നഗരസഭാ വിഹിതവുമാണ്. ഖരമാലിന്യ സംസ്കരണം, കുടിവെള്ള വിതരണം, മലിനജല നിർമ്മാർജ്ജനം എന്നീ ഇനങ്ങളിലായി 22 നഗര സഭകളിൽ 25 പദ്ധതികൾ ഈ സ്കീമിൽ നടപ്പിലാക്കിവരുന്നു. 2005-06-ൽ കേന്ദ്രം പ്രഖ്യാപിച്ച ഈ പദ്ധതിയുടെ കാലാവധി 2011-12 വരെയാണ്.

(ബി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നാളിതുവരെ 17340.73 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	ലഭിച്ച തുക (ലക്ഷത്തിൽ)
2006-07	3363.04
2007-08	5194.27
2008-09	8783.42
2009-10	ഇല്ല
2010-11	ഇല്ല
ആകെ	17340.73

LIBRARY ARCHIVES Kerala Legislative Assembly

(സി) 2005-06-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഈ പദ്ധതിക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിന് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

(ഡി) ഈ സർക്കാരിന്റെ കാലത്ത് യു.ഐ.ഡി.എസ്.എസ്.എം.റ്റി. സ്കീമിൽ 35 പദ്ധതികൾ സമർപ്പിച്ചിട്ടുള്ളതിൽ 25 പദ്ധതികൾ കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2008-09-ൽ കേന്ദ്രത്തിന് സമർപ്പിച്ച 10 പദ്ധതികൾ സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം അധികരിച്ചതിനാൽ കേന്ദ്രം അംഗീകരിച്ച് തുക അനുവദിച്ചിട്ടില്ല.

(ഇ) നഗരസഭാതലത്തിൽ നഗരസഭാ അദ്ധ്യക്ഷൻ ചെയർമാനായി മോണിറ്ററിംഗ് കമ്മറ്റികളും, നഗരകാര്യവകുപ്പ് ഡയറക്ടർ വിളിച്ചുകൂട്ടുന്ന നഗരസഭാ സെക്രട്ടറിമാരുടെ മാസാവലോകന യോഗങ്ങളും, കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള എംപവേർഡ് കമ്മിറ്റിയും പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച അവലോകനം നടത്തുന്നതിനുള്ള സംവിധാനങ്ങളായി ഏർപ്പെടുത്തിയിട്ടുണ്ട്.

ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പാക്കേജ്

9 (*888) ശ്രീ. കെ. അച്ചുതൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നശേഷം മലബാർ മേഖലയിലെ ക്ഷേത്രങ്ങളുടെ പൊതുവായ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) മലബാർ പ്രദേശത്തെ അതിപുരാതനങ്ങളും ചരിത്രപ്രസിദ്ധങ്ങളുമായ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ പ്രദേശത്തെ ക്ഷേത്രാചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിറുത്തുന്നതിനും ക്ഷേത്രാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ ശോചനീയമായ അവസ്ഥ മാറ്റുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടി മെച്ചപ്പെട്ട രീതിയിലുള്ള ഒരു ശമ്പള പരിഷ്ക്കരണം നടപ്പാക്കി. 3 വർഷമെങ്കിലും തുടർച്ചയായി ക്ഷേത്രങ്ങളിൽ ജോലിചെയ്തിരുന്ന നല്ലൊരു വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly